STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.99/PR/SPMC/PHQ/2022 Date:28.05.2022

## കേരളാ പോലീസിന്റെ അത്യാധുനിക വാഹനങ്ങൾക്കൊപ്പം സെൽഫിയെടുക്കാം കനകക്കുന്നിലെ എന്റെ കേരളം മെഗാ എക്സിബിഷനിൽ

പോലീസിന്റെ അത്യാധുനിക വാഹനങ്ങൾ അടുത്ത്കാണാം, ഒപ്പം നിന്നൊരു സെൽഫിയെടുക്കാം. സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികം പ്രമാണിച്ച് തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരവളപ്പിൽ ഒരുക്കിയിരിക്കുന്ന എന്റെ കേരളം പ്രദർശനമേളയിലാണ് പൊതുജനങ്ങൾക്ക് പോലീസ് വാഹനങ്ങൾ അടുത്തറിയാൻ അവസരം ഒരുക്കിയിരിക്കുന്നത്.

ഏത് ഭൂപ്രകൃതിയിലും അനായാസം കടന്നു ചെല്ലാൻ കഴിയുന്ന പോലീസിന്റെ അഭിമാന വാഹനം ലൈറ്റ് ആംഡ് ട്രൂപ്പ് ക്യാരിയർ, നക്സൽ ബാധിത പ്രദേശങ്ങളിലെയും ഉയർന്ന പ്രദേശങ്ങളിലെയും പോലീസ് സ്റ്റേഷനുകൾക്ക് അനുവദിച്ചിരിക്കുന്ന ഫോർവീൽ ഡ്രൈവ് ഗൂർഘ വാഹനം എന്നിവ തൊട്ടടുത്ത് കാണാം. കൂടാതെ മലഞ്ചെരുവുകളിലൂടെ വിദഗ്ദ്ധമായി ഓടിക്കാൻ കഴിയുന്ന ലെഫ്റ്റ് ഹാന്റ് ഡ്രൈവ് സംവിധാനമുള്ള പൊളാരിസ് വാഹനത്തിന്റെ ഡ്രൈവിംഗ് സീറ്റിൽ ഇരുന്നൊരു സെൽഫിയുമെടുക്കാം. വി.ഐ.പി ഡ്യൂട്ടികളിൽ മാത്രം കാണുന്ന ബുള്ളറ്റ് പ്രൂഫ് ജാമർ, ബാഗേജ് സ്കാനർ ഘടിപ്പിച്ച പ്രത്യേക സുരക്ഷാ വാഹനം എന്നിവയുടെ പ്രത്യേകതകളറിയാനും അവസരമൊരുക്കുകയാണ് കേരളാ പോലീസ്.

ലൈറ്റ് ആംഡ് ട്രൂപ്പ് ക്യാരിയർ ഒരു ബുള്ളറ്റ് പ്രൂഫ് വാഹനമാണ്. ഏറെ സുരക്ഷാ സംവിധാനങ്ങളുള്ള വാഹനത്തിൽ മുകളിൽ ലൈറ്റ് മെഷീൻ ഗൺ ഘടിപ്പിച്ച് വെടിയുതിർക്കാൻ കഴിയും. 80 ലക്ഷം രൂപ വിലയുള്ള ഈ വാഹനത്തിൽ ഡ്രൈവർക്ക് പുറമെ എട്ട് സേനാംഗങ്ങൾക്ക് യാത്ര ചെയ്യാം.

ദുർഘട പ്രദേശങ്ങളിലൂടെ അനായാസം യാത്ര ചെയ്യാൻ കഴിയുന്ന ഗൂർഘ വാഹനങ്ങളാണ് മറ്റൊരു ആകർഷണം. ചെളി നിറഞ്ഞ പ്രതലത്തിലും സുരക്ഷിതമായി ഓടിക്കാൻ കഴിയുന്ന ഡിഫറൻഷ്യൽ ലോക്ക് സംവിധാനം ഉള്ളവയാണ് ഇവ.

ലെഫ്റ്റ് ഹാന്റ് ഡ്രൈവ് സംവിധാനമുള്ള പൊളാരിസ് വാഹനമാണ് പോലീസിന്റെ വാഹന വ്യൂഹത്തിലെ മറ്റൊരു പ്രത്യേകത. ഏത് ഭൂപ്രകൃതിയിലും കടന്നു ചെല്ലാൻ കഴിയുന്ന ഈ വാഹനം 70 ഡിഗ്രി ചരിഞ്ഞ പ്രതലത്തിൽ പോലും അപകട രഹിതമായി ഓടിക്കാം. കാടുകൾക്കുള്ളിലെ നിരീക്ഷണത്തിനാണ് പോലീസ് ഈ വാഹനം ഉപയോഗിക്കുന്നത്. വി.വി.ഐ.പി

സന്ദർശനങ്ങളിലെ വാഹനവ്യൂഹത്തിൽ കാണുന്ന മൊബൈൽ ജാമർ വാഹനം അടുത്ത് കാണാനും എക്സിബിഷനിൽ അവസരമുണ്ട്. ടാറ്റാ സഫാരി വാഹനത്തിൽ സെൻസർ ജാം മെഷീനും, കൺട്രോൾ യൂണിറ്റും ഘടിപ്പിച്ച മൊബൈൽ ജാമർ വാഹനമാണ് കേരളാ പോലീസിന്റെ കൈവശമുള്ളത്. കൂടാതെ വി.വി.ഐ.പി ഡ്യൂട്ടികൾക്ക് ഉപയോഗിക്കുന്ന സഞ്ചരിക്കുന്ന ബാഗേജ് സ്കാനർ വാഹനവും പ്രദർശനനഗരിയിൽ കാണാം.

സർക്കാരിന്റെ ഒന്നാം വാർഷിക ആഘോഷത്തോട് അനുബന്ധിച്ച് സംഘടിപ്പിച്ചിരിക്കുന്ന കനകക്കുന്നിലെ പ്രദർശനമേള വ്യാഴാഴ്ച സമാപിക്കും.

**ഫോട്ടോക്യാപ്ഷൻ :** എന്റെ കേരളം മെഗാ എക്സിബിഷനിലെ പോലീസിന്റെ വാഹന പ്രദർശനത്തിൽ നിന്നുള്ള വിവിധ ദൃശ്യങ്ങൾ.

*******************